# സഖാക്കൾ

39



ജെറോം

L
104

# സഖാക്കൾ

S. H. SCHOLASTICATE, CHETHIPUZHA, CHANGANACHERRY
CANCELLED.

ജെറോം

DHARMARAM COLLEGE LIBRARY, BANGALORE
P 20

1946 / S. J. Press, / Mannanam.

Cum permissu superiorum.

---

കുസുമങ്ങൾ No. 39.

L
104

# സഖാക്കൾ

I

വർക്കിച്ചേട്ടൻ ഒരെഴുത്തു തുറന്നു വായിച്ചു.

പ്രിയപ്പെട്ട അപ്പച്ചാ,

കഴിഞ്ഞ ആഴ്ചയിലാണല്ലോ അപ്പച്ചൻ അമ്പതു രൂപാ അയച്ചുതന്നതു്. ഫീസുകൊടുത്തും ബോർഡിംഗ്ഫീസുകൊടുത്തും ഒക്കെ അതു തീർന്നു. വേറെയും കുറെ ആവശ്യങ്ങൾ എനിക്കു വന്നുചേർന്നിരിക്കുന്നു. ഉടനെ അമ്പതുരൂപാകൂടെ അയച്ചുതരണം. മറ്റു വിശേഷങ്ങൾ ഒന്നുമില്ല. എനിക്കു സുഖം തന്നെ; അപ്പച്ചനും സുഖമെന്നു വിശ്വസിക്കുന്നു. ഗ്രേസിയുടെ ഒരെഴുത്തു് ഇന്നലെ കിട്ടിയിരുന്നു.

എന്നു സ്വന്തം മകൻ,

ജയിംസ്.

നെടുതായി ഒന്നു നിശ്വസിച്ചിട്ടു വർക്കിച്ചേട്ടൻ പറഞ്ഞു:

"എന്തോ? എനിക്കറിഞ്ഞുകൂടാ. കഴിഞ്ഞ ആഴ്ചയിൽ അൻപതയച്ചു് അതുപോരെന്നു്? ഇനിയും ഉടനേ അമ്പതുകൂടെ വേണോന്നു്! ചെറുക്കൻ ഇതൊക്കെ എന്തു ചെയ്യുവാണോ?"

കുറേനേരം മൌനം അവലംബിച്ചതിനുശേഷം അയാൾ മേശ തുറന്നു; അതിൽനിന്നും അമ്പതുരൂപാ എണ്ണി എടുത്തു പോക്കറ്റിലിട്ടു; മേശ പൂട്ടിയിട്ടു് ഇറങ്ങിനടന്നു.

പുത്രവാത്സല്യം നിറഞ്ഞ ഒരു പിതാവായിരുന്നു വർക്കിച്ചേട്ടൻ. അയാളുടെ കുലീനത്വവും ധനസ്ഥിതിയും

ഒട്ടുംമോശമായിരുന്നില്ല. ജയിംസും ഗ്രേസിയുമാണ് അയാളുടെ ഓമനസന്തതികൾ. ജയിംസ് ഹൈസ്കൂളിലും ഗ്രേസി മിഡിൽസ്കൂളിലും പഠിച്ചുകൊണ്ടിരുന്നു.

ജയിംസിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആരംഭഘട്ടത്തിൽ ലഭിച്ച ആത്മമിത്രമായിരുന്നു ഭാസി. അന്ന് അവരിൽ നാമമ്പുട്ടത്ത സ്നേഹബന്ധം തുടർന്നുള്ള ജീവിതത്തിന്റെ വസന്തത്തിൽ പൂവിരിച്ച് ആത്മാർത്ഥതയുടെ പരാഗം വിതറി. ആ പരാഗപൂരത്തിൽ പൊതിഞ്ഞ അവരുടെ യുവഹൃദയങ്ങളെ നിത്യതയുടെ മുമ്പിൽ അവർ വിശ്വാസപൂർവ്വം കാഴ്ചവെച്ചു.

സ്കൂളിൽനിന്നും അധികം അകലെയായിരുന്നില്ല ഭാസിയുടെ ഭവനം. അങ്ങോട്ടു ജയിംസിനെ അവൻ പലതവണ ക്ഷണിച്ചു. അപ്പോഴൊക്കെയും അവിടെ പോകുവാൻ ജയിംസിനു പൂർണ്ണസമ്മതവും അധികമായ ആഗ്രഹവും ഉണ്ടായിരുന്നു. എന്നാൽ ബോർഡിംഗ് ഹൗസിൽനിന്നും അനുവാദം കിട്ടാതിരുന്നതിനാൽ ആ ക്ഷണങ്ങളെല്ലാം തന്നെ ക്ഷമാപണ സഹിതം നിരസിതങ്ങളായി ഭവിച്ചു. അങ്ങനെ നിരസിക്കേണ്ടിവന്ന ഓരോ അവസരത്തിലും അവരുടെ ആത്മാർത്ഥമൈത്രി അലംബഹീനമായതുപോലെ അവശതപ്പെട്ടു.

അവസാനം ഭാസി ഇച്ഛാഭംഗത്തോടുകൂടിപറഞ്ഞു:
"ജയിംസേ, നിന്റെ ആത്മാർത്ഥതയെ കുറാപ്പെടുത്താതിരിക്കാൻ എനിക്കു നിവൃത്തിയില്ല."
"അതെന്താ സ്നേഹിതാ?"
"എന്താണെന്നറിഞ്ഞുകൂടെ? ഞാൻ പറയണോ?"
"പ്രിയപ്പെട്ട ഭാസി ഞാൻ തുറന്നു പറയട്ടെ"
ഭാസിയുടെ വലതുകൈയിൽ പിടിച്ചുകൊണ്ട് ജയിംസ് തുടർന്നു:
"എന്റെ ആത്മാർത്ഥതയേ നീകുററപ്പെടുത്തുന്നതിൽ, എന്റെ അന്തരാത്മാവുപോലും നിർവ്യാജം വ്യസനിക്കുന്നു. എനിക്ക് ഏററവും വിനീതമായ ഒരപേക്ഷ

യുണ്ട്, എന്നെയോ എൻെറ ആത്മാർത്ഥതയേയോ നീ തെററിദ്ധരിക്കരുതേ എന്ന്. അനുവാദം കിട്ടാതിരുന്നതിനാൽ മാത്രമാണ സ്നേഹിതൻെറ ക്ഷണങ്ങളെ ഇങ്ങനെ നിർദ്ദയം നിരസിക്കേണമെന്നു വന്നതും ഈ നിശിതമായ പരിഭവത്തിനു കാരണമാകേണമെന്നു വന്നതും! ഏതായാലും എന്നെ നീ ഇങ്ങനെ തെററിദ്ധരിച്ചിരിക്കുന്നതിനാൽ ഇന്നു ഞാൻ അനുവാദംകൂടാതെതന്നെ പോരുവാൻ സമ്മതമാണ്" "ജയിംസേ, നിൻെറ ആത്മാർത്ഥതയെ തെററിദ്ധരിക്കാൻ പാടില്ലെന്ന് എനിക്കു പരിപൂർണ്ണബോധ്യമുണ്ടെങ്കിലും, മനസ്സിൻെറ വിഷമക്കൂടുതൽകൊണ്ട് ഞാൻ അങ്ങനെ പറഞ്ഞുപോയതാണ്. എന്നോടു ക്ഷമിക്കണം".

"ക്ഷമിക്കാൻ എന്തെങ്കിലുമുണ്ടെന്നു ഞാൻ കരുതുന്നില്ല. ഉണ്ടെങ്കിൽ എല്ലാം ക്ഷമിച്ചിരിക്കുന്നു."

നാലുമണിക്കു ക്ലാസ്സുകഴിഞ്ഞു. ജയിംസ് ബോർഡിംഗ് ഹൗസിലേക്കു പോയതേയില്ല.

ഭാസിയുടെ ഭവനം കണ്ടപ്പോൾ ജയിംസിനെ ഒരുവല്ലായ്മ ബാധിച്ചു. ആ വല്ലായ്മ ഹൃദയത്തിൻെറ ഏററവും അടിയിൽനിന്നും ആഞ്ഞുയർന്നതായിരുന്നു. സ്വന്തം ഭവനംപോലെ അത്രകെങ്കേമമോ പരിഷ്കൃതമോ ആയിരുന്നില്ല ഭാസിയുടേത്. ഒന്നോ രണ്ടോ തടുക്കുകളും, രണ്ടോ മൂന്നോ കൊരണ്ടിപ്പലകകളും ആയിരുന്നു അവിടെ ആഗതർക്ക് ഇട്ടുകൊടുക്കുവാനുണ്ടായിരുന്ന ഇരിപ്പിടങ്ങൾ.

ദാരിദ്ര്യത്തിൻെറ നേരിയ ലക്ഷണങ്ങൾ ആ ഭവനത്തിൽ തെളിഞ്ഞു കാണാമായിരുന്നു: എല്ലും, തൊലിയുമായി അവശേഷിച്ച രണ്ടു പശുക്കൾ—അടിയും മുകളും ജീർണ്ണിച്ച ഒരു പശുത്തൊഴുത്ത്—മുഷിഞ്ഞ വസ്ത്രങ്ങളും മുഷിഞ്ഞ മുഖവുമായി പ്രത്യക്ഷപ്പെട്ട ഭാസിയുടെ മാതാവ്—മണ്ണും ചെളിയും വാരിപ്പൊതിഞ്ഞ് കരഞ്ഞും കണ്ണു

നീരിൽ കളിച്ചും നടക്കുന്ന ഒരു ശിശു—ഈ വിധം സംവിധാനങ്ങളാൽ ആ രംഗം ശോകരസപ്രാധാന്യത്തിന്ന് ഉതകിയതായിരുന്നു. സകലവിധ സുഖസൗഭാഗ്യങ്ങളിൽ വളർന്ന ജയിംസിന്റെ ഹൃദയം ആ ശോകരസപ്രാധാന്യത്തിൽ നൊമ്പരപ്പെട്ടു.

ഇങ്ങനെയൊരു ഹൃദയദ്രവീകരണതയുടെ നഗ്നവിലേക്കാണെങ്കിലും, തന്നെ അനവധി തവണ ക്ഷണിക്കുകയും ഇത്തവണ കൂട്ടിക്കൊണ്ടുവരികയും ചെയ്ത ഭാസിയുടെ ആത്മാർത്ഥത ജയിംസിന്റെ ആലോചനയിൽ അങ്കുരിച്ചു. ഹൃദയഭിത്തികൾക്കുള്ളിൽ കുടുങ്ങി നില്ക്കാതെ, പരിസരങ്ങളേപോലും വിഗണിച്ചു പുറത്തുതള്ളുന്ന ഒരു സഖിത്വം ഭാസിയിൽ അവൻ ദർശിച്ചു. ആ ദർശനം അവന്റെ ചാരിതാർത്ഥ്യത്തെ ആനന്ദത്തുന്ദിലതയിൽ പുളകം കൊള്ളിച്ചു.

ആ ശിശുവിന്റെ കരച്ചിൽ ആഹാരക്കുറവുകൊണ്ടായിരിക്കാം എന്നു ജയിംസ് കരുതി. അതിനെ അവൻ അരികിൽ വിളിച്ചു; കൈവശമുണ്ടായിരുന്ന ഒരു പത്തുരൂപാ നോട്ടെടുത്തു് അതിന്റെ കൈകളിൽ കൊടുത്തു. ആനന്ദാധിക്യത്തിന്റെ അട്ടഹാസങ്ങളുമായി അതു് അവിടെനിന്നും അകത്തേക്കു പാഞ്ഞു. അതിന്റെ തള്ള നോട്ടുമായി ജയിംസിനെ സമീപിച്ചു.

കുട്ടി, കുട്ടിയുടെ ഒരു പത്തുരൂപാ നോട്ടും എടുത്തുകൊണ്ടു് ഈ കുട്ടി വന്നിരിക്കുന്നു. ഇന്നാ ആ രൂപാ"
അവർ ആ നോട്ടു ജയിംസിന്റെ നേരെ നീട്ടി.

"അല്ല; എടുത്തുകൊണ്ടു പോയതല്ല; ഞാൻ കൊടുത്തതാണു്."

ആ മാതൃഹൃദയം ആനന്ദത്തിൽ കുളുത്തു.

ഭാസിയുടെ ഇളയസഹോദരിയായിരുന്നു ജാനകി. ജയിംസിന്റെ ഹൃദയവിശാലത മനസ്സിലാക്കി അവൾ അവന്റെ അടുത്തുചെന്നു. കോമളമായിരുന്നു അവളുടെ ശരീരം. എന്നാൽ മെലിവിന്റെ ഉടവുകൾ അതിൽ തള്ളി

യിരുന്നു. കീറിപ്പറിഞ്ഞ ഒരുടുപ്പായിരുന്നു അവൾ അ
ണിഞ്ഞിരുന്നത്. വാത്സല്യം തുളുമ്പുന്ന കണ്ണുകളിൽ ജ
യിംസ് അവളെ സശ്രദ്ധം നോക്കി.

"ഭാസിയുടെ പെങ്ങളല്ലേ?"

അവൻ ചോദിച്ചു.

"അതേ."

"അടുത്തു വരൂ പേരെന്താണ്!"

"ജാനകി".

"ഏതു ക്ലാസിലാണു പഠിക്കുന്നത്?"

"ക്ലാസിലല്ല; ഞാൻ സംഗീതമാ പഠിക്കുന്നത്"

"എനിക്കും ഇങ്ങനെയൊരു പെങ്ങളുണ്ട്. ഗ്രേസി
യെന്നാ പേര്. കന്യാസ്ത്രീമഠം വക പള്ളിക്കൂടത്തി
ലാണു പഠിക്കുന്നത്."

തന്റെ സാഹോദര്യത്തെ ഭാസിയുടെ സഹോദരി
യുടെ മുമ്പിൽ ജയിംസ് അവതരിപ്പിച്ചു. അതിൽ അ
പാരമായ സംതൃപ്തിയുടെ അനുഭവം അവനുണ്ടായി.

ഒരു മൌനം! ജയിംസിനെ നോക്കി ജാനകിനിന്നു.
അവന്റെ ശ്രദ്ധ ആ ബാലികയിലും പതിഞ്ഞു. അവളു
ടെ കഴുത്തിൽ പൊന്നിന്റെ ഒരു പൊട്ടുപോലും ഇ
ല്ലെന്നു് അവൻ കണ്ടു. ഗ്രേസിയുടെ കഴുത്തിലെ സ്വ
ർണ്ണമാലകളുടെ സംഖ്യയും അവൻ അനുസ്മരിച്ചു. ഭീമ
മായ അന്തരം! ആ അന്തരത്തിന്റെ ഇരുപുറത്തുമുള്ള
താനും ഭാസിയും എങ്ങനെ സഖാക്കളായി എന്നവനു
സംശയംതോന്നി. അതിൽനിന്നും അവൻ സന്തപിച്ചു.
അവന്റെ കണ്ണുകൾ നിറഞ്ഞു.

കഴുത്തിൽ കിടന്ന ഒരു സ്വർണ്ണമാല ഊരി അവൻ
ജാനകിക്കു കൊടുത്തു.

"ഭാസിയുടെ കൂട്ടുകാരന്റെ ഓർമ്മക്കായി ഇതിരിക്ക
ട്ടെ!" സംഭാവന കണ്ടു തുറക്കപ്പെട്ട കൈകളിൽ ഹൃദയ
ത്തിന്റെ കൂപ്പുകൈകളുമായി അവൾ അതു വാങ്ങി. അ
തു അമിതമായ ആനന്ദം ഒരു വ്യക്തിക്കു് അന്നാദ്യമായി

ട്ടായിരുന്ന അനുഭവപ്പെട്ടതു്. ഏദനിലെ മയില്പകൾപോലും ജാനകിയെപ്പോലെ ആനന്ദതുന്ദിലതയിൽ ആറാടിയിരുന്നില്ല.

സ്നേഹിതനു കാപ്പികൊടുത്തു സല്ക്കരിക്കുവാൻ പണിപ്പെട്ടു നടന്ന ഭാസി ജയിംസിനെ സമീപിച്ചു.

"ജയിംസ്, കുറച്ചു കാപ്പി കുടിക്കണം."

വേണ്ടാ; ഭാസീ, എനിക്കു കാപ്പി വേണ്ടാ"

ആ ദാരിദ്ര്യത്തെ സാക്ഷി നിറുത്തി അവൻ എങ്ങനെ കാപ്പി കുടിക്കാനാണ്?

"ഒക്കുകേലാ; അല്പം കാപ്പി കുടിക്കണം."

ഭാസിയുടെ വീണ്ടുംവീണ്ടുമുള്ള നിർബന്ധത്താൽ ജയിംസ് എഴുന്നേററു.

ഒരുകപ്പു കാപ്പിയും ഏതാനും പലഹാരങ്ങളും അവൻെറ മുമ്പിൽ നിരന്നു. ആ ശിശുവും അടുത്തെത്തി. ഒരു കവിൾകാപ്പിമാത്രം അവൻ അകത്താക്കി. പലഹാരങ്ങളെല്ലാം ആ ശിശുവിൻെറ മുമ്പിലേക്കു മാററിവെച്ചു–അങ്ങനെ ആ ചടങ്ങു നിർവഹിച്ചു.

അവർ സ്കൂളിലേക്കു നടന്നു. കുറേ നടന്നപ്പോൾ ജയിംസ് പെട്ടെന്നു പറഞ്ഞു:

"ഭാസീ, എൻെറ പേനാപോയി"

"വീട്ടിൽ വച്ചുണ്ടായിരുന്നോ?"

"ഉവ്വ്; അവിടെന്നിറങ്ങുമ്പോഴും ഉണ്ടായിരുന്നു"

"നമുക്കു വഴിയിൽ ഒക്കെ നോക്കാം.

പേനായും നഷ്ടപ്പെട്ടു വിഷാദിച്ചു് ജയിംസ് ബോർഡിംഗ്ഹൌസിലെത്തി. അവിടെ ഒരു ശിക്ഷ അവൻെറമേൽ പതിയാൻ കാത്തിരിപ്പുണ്ടായിരുന്നു. അനുവാദം വാങ്ങാതെ അകലെയെങ്ങോ പോയതിനാൽ ഒരു രൂപായുടെ ഫൈൻ ബോർഡിംഗ്ഹൌസ് വാർഡൻ അവനും സംഭാവനചെയ്തു.

## II

കഴിഞ്ഞ കണ്ണുകളുമായി ഭാസിസ്കൂളിൽ വരുമ്പോൾ ജയിംസിൻെറ കരൾ ഉരുകും. പത്തുപതിനഞ്ചുരൂപാ ആരുമറിയാതെ അവൻ ഭാസിക്കു നൽകും. ആ വിനീതോപഹാരം സസ്നേഹം സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കും. അതു വാങ്ങിക്കാതിരിക്കത്തക്ക ദുരഭിമാനം ആ ദാരിദ്ര്യപീഡിതന്നു് ഉണ്ടായിരുന്നില്ല.

ഫീസുകൊടുക്കേണ്ട ദിവസമാകുമ്പോൾ ഭാസിക്കു വേണ്ടിയും ജയിംസ് രൂപാ കൊണ്ടുവരും. അവൻതന്നെ ഭാസിയുടെ ഫീസുകൊടുത്തു രസീതു വാങ്ങും. ആ രസീതു ഭാസിക്കു സമ്മാനിക്കും.

അങ്ങനെ പുരോഗമിച്ചു; അവരുടെ മൈത്രിയും, വിദ്യാഭ്യാസവും സ്കൂൾഫൈനൽ ക്ലാസിലെ പരീക്ഷയും കഴിഞ്ഞു. ഇരുവക്കും ധൈര്യമുണ്ടായിരുന്നു പാസ്സാകുമെന്നു്.

നീണ്ട ഒരവധിക്കാലം ആ വിദ്യാർത്ഥികളുടെ മുമ്പിൽ പരിമളം വീശിനിന്നു. ഭാസിയെ വീട്ടിൽകൊണ്ടുപോകണമെന്നും കുറേനാളുകൾ അവിടെ താമസിപ്പിക്കണമെന്നും ആയിരുന്നു ജയിംസിൻെറ ആഗ്രഹം. ആ ആഗ്രഹത്തെ അവൻ സ്നേഹിതൻെറ മുമ്പിൽ സമർപ്പിച്ചു. ആദ്യം ഔദാര്യം കരുതിമാത്രം ഭാസി അതിനു വിസമ്മതിച്ചു. വീണ്ടും ജയിംസിൻെറ സ്നേഹലോലമായ ഹൃദയത്തിൽനിന്നും ആത്മാർത്ഥമായ അഭ്യർത്ഥനകൾ മുഴങ്ങി. ഭാസി സമ്മതിച്ചു ജയിംസിൻെറകൂടെ യാത്രയാകുവാൻ.

ജയിംസിൻെറ ഭവനത്തിലെ സമൃദ്ധിയിൽ ആനന്ദിച്ചുകൊണ്ടു ഭാസി കുറേനാളുകൾ കഴിച്ചു. ആ നാളുകളൊക്കെയും അവരുടെ സഹിതത്തിൻെറ പുതുവസന്തമായിരുന്നു. ആ വസന്തത്തിൽ അവരുടെ ഹൃദയകോകിലങ്ങൾ കൂവിതെളിഞ്ഞു.

പരീക്ഷയുടെ ഫലം പത്രങ്ങളിൽ പരസ്യപ്പെട്ടു.

ഭാസിക്കും ജയിംസിനും ആനന്ദമുണ്ടായി, അവരുടെ വിജയങ്ങളിൽ. ധനാഢ്യനും പുത്രവാത്സല്യനുമായ വക്കീച്ചേട്ടൻ മകനെ കോളജിലയയ്ക്കാൻതന്നെ തീരുമാനിച്ചു. അതിനെന്തു തന്നെ ചെലവുവന്നാലും തരക്കേടില്ല, മകനെ ഒരു ബിരുദധാരിയായി കാണണം. അതാണു വക്കിച്ചേട്ടൻെറ ആഗ്രഹം.

ജയിംസ് ഭാസിയുടെ ഭവനത്തിൽ എത്തി. എന്തെങ്കിലും ഒരു ജോലി കിട്ടുവാൻ ഭാസി ശ്രമിച്ചു നടക്കുകയായിരുന്നു. ഇത്രയുംനാൾ അനുഭവിച്ച ദാരിദ്ര്യത്തിന് ഇനിയെങ്കിലും ഒരവസാനം വന്നേയ്ക്കുമെന്നുള്ള പ്രത്യാശയാൽ അവൻെറ മാതാവിൻെറ മുഖം പ്രസന്നമായി. പ്രിയപ്പെട്ട തള്ളയുടെയും സഹോദരങ്ങളുടെയും കണ്ണുനീർ ഇനിയെങ്കിലും കാണുവാൻ ഇടയാകരുതെന്നുള്ള ആഗ്രഹത്തോടും നിശ്ചയത്തോടും കൂടെയാണ് ഭാസിയും ഓടിനടക്കുന്നത്. ഇനിയും ആ കണ്ണുനീർച്ചാലുകൾക്കു കാരണമാക്കിയാൽ അതൊരു മഹാ പാപമായിരിക്കും തൻെറമേൽ എന്നായിരുന്നു അവൻെറ ബോധ്യം.

"ജയിംസേ, കോളജിൽ എന്നാണു പോകുന്നത്?"
"അടുത്തതിൻെറ പിന്നത്തെ ആഴ്ചയിൽ പോകണം."
"ജയിംസിൻെറ സർവ്വവിജയങ്ങൾക്കും ഭാസിയുടെ ഹൃദയം തുറന്നുള്ള പ്രാർത്ഥനകൾ ഉണ്ടായിരിക്കും."
"അതുപോലെഭാസിയുടെവിജയത്തിനായിഞാനും"
"കോളജിൽ സുശോഭനമായ ഒരു ഭാവി ജയിംസിനുണ്ടാകുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പുതിയ കോളജ് സഖാക്കളും തുടർന്നുള്ള ബിരുദങ്ങളും ആകുമ്പോൾ സാധു ഭാസിയെ ജയിംസ് സ്മരിക്കുമോ എന്തോ?"

ജയിംസിൻെറ ഹൃദയം തുടിച്ചു; വദനം ചുടച്ചു. ഭാസിയുടെ വാക്കുകളോടുള്ള പ്രതിഷേധം രേഖപ്പെടുത്തു

വാൻ രണ്ടു കണ്ണുനീർക്കണങ്ങൾ അവന്റെ കണ്ണുകളിൽ പൊടിച്ചു.

"ഭാസി, ഇത്രയും നാളുകളായിട്ടും എന്നെ മനസ്സിലാക്കുവാൻ നിനക്കു കഴിയാത്തതിൽ ഞാൻ വ്യസനിക്കുന്നു. എന്റെ ഹൃദയത്തെ എത്രയോ പ്രാവശ്യം നിന്റെ മുമ്പിൽ ഞാൻ തുറന്നിട്ടുണ്ടു്. എന്നാൽ അതിന്റെ അകം കാണുവാൻ നിന്റെ കണ്ണുകൾ മങ്ങിപ്പോയല്ലോ!? അതിനകത്തു് ഊറിവന്നിരുന്നതും, ഇപ്പോഴും ഊറിവന്നുകൊണ്ടിരിക്കുന്നതും, ഇനിയും ഊറിവരുന്നതും ആയ സ്നേഹത്തിന്റെ പൂന്തേൻ തുള്ളികളിൽ ഒരെണ്ണമെങ്കിലും നിന്റെ ഹൃദയത്തിന്റെ നാവിൽ പതിഞ്ഞിരുന്നെങ്കിൽ! ഇന്നിപ്പോൾ ഇങ്ങോട്ടു ഞാൻ വന്നതുതന്നെയും എന്തിനാണെന്നു നീ മനസ്സിലാക്കിയിരുന്നെങ്കിൽ!"

അവന്റെ കണ്ണുകളിൽനിന്നും ആ കണ്ണുനീർക്കണങ്ങൾ അടർന്നുവീണു.

"എന്റെ ജയിംസ്, ഞാൻ അങ്ങനെ ഒന്നു പറഞ്ഞുപോയി. അതുവെറും ഔപചാരികമായിമാത്രം പറഞ്ഞുപോയതാണു്. ഇങ്ങനെ നീ ദുഃഖിക്കുമെന്നോ ദുഃഖിക്കണമെന്നോ, നിന്റെ ഹൃദയമിങ്ങനെ മുറിപ്പെടുമെന്നോ മുറിപ്പെടണമെന്നോ കരുതിയല്ല ഞാൻ പറഞ്ഞതു്. അതുമാത്രമേ എന്നോടു നീ ക്ഷമിച്ചാലും! എന്റെ അവിവേകം നീ പൊറുത്താലും!

ഭാസി ജയിംസിന്റെ പാദങ്ങളിൽ പതിച്ചു. ജയിംസ് അവനെ പിടിച്ചെഴുന്നേല്പിച്ചു. ഏതാനും നിമിഷങ്ങൾ, അവരെ ഒരാശ്ലേഷത്തിൽ ഏകീകരിച്ചുകൊണ്ടു കടന്നുപോയി.

"ഭാസി, നീ കോളേജിൽ പോകുന്നില്ലേ?" ജയിംസ് ചോദിച്ചു.

"സ്നേഹിതാ അതിനുള്ള ഭാഗ്യം എനിക്കുണ്ടോ?"

"എന്തുകൊണ്ടാണില്ലാത്തതു്?"

"ജയിംസ്, എൻെറ കാര്യങ്ങൾ നിനക്കറിഞ്ഞുകൂടേ? പിന്നെന്തിനാണ് നീ ഇങ്ങനെ എന്നോടു ചോദിക്കുന്നതു്?"

"ഭാസി, എൻെറ ഹൃദയത്തെ നിനക്കും അറിഞ്ഞുകൂടേ? പിന്നെന്തുകൊണ്ടാണ് നീ സംശയിക്കുന്നതു്, ആ ഭാഗ്യം നിനക്കില്ലെന്നു?"

"ആ ഭാഗ്യം എനിക്കില്ലെന്നു തീർച്ചയായതുകൊണ്ടു്"

"ഭാസി, നീ സംശയിക്കാതെ, ആ ഭാഗ്യം നിനക്കുണ്ടു്."

"എനിക്കോ? അതെങ്ങനെ?"

"ഞാൻ നിൻെറ കൂട്ടുകാരനാണെങ്കിൽ ആ ഭാഗ്യം നിനക്കുണ്ടു്".

ഭാസി ഒന്നും മനസ്സിലാകാതെ സ്തംഭിച്ചുനിന്നു.

"ഭാസി, നീയും കോളജിൽ പോകണം."

അവൻെറ മൌനം പിന്നെയും നീണ്ടുനിന്നു. ജയിംസ് തുടർന്നു:

"സ്നേഹിതാ, വിഷാദിക്കേണ്ടാ. നമുക്കൊരുമിച്ചു കോളജിൽ പോകണം. ചെലവുകളെല്ലാം ഞാൻ സഹിച്ചുകൊള്ളാം. ഒന്നിനും നീ വിഷമിക്കേണ്ടാ"

"ജയിംസേ, ചെലവുകൾ വളരെ കൂടിയിരിക്കും"

"എത്രയെങ്കിലും കൂടട്ടേ. ഞാൻ സഹിച്ചാൽ പോരേ?"

"വല്ല ജോലിയിലും പ്രവേശിക്കണമെന്നാണ് എൻെറ ആഗ്രഹം. അമ്മയുടെയും ആഗ്രഹം അതു തന്നെ".

"കോളജുപഠിത്തംകൂടി കഴിഞ്ഞിട്ടു ജോലിയിൽ പ്രവേശിക്കുന്നതല്ലേ നല്ലതു്?"

"ജയിംസേ, അമ്മ സമ്മതിക്കുമെന്നു തോന്നുന്നില്ല. ജാനകിയാണെങ്കിൽ നാടകക്കമ്പനിയിൽചേൎന്നു പോയി. അതിനു് അമ്മ ഒരുപാടുകരഞ്ഞു. ഞാൻ

വളരെ ആശ്വസിപ്പിച്ചു. പിന്നെയും കരച്ചിൽ തന്നെ. ഞാനും പോകുകയാണെങ്കിൽ അമ്മയുടെ സങ്കടം വളരെക്കൂട്ടും".

"വാർ സർവീസിലേക്കൊന്നുമല്ലല്ലോ. പഠിക്കാനല്ലേ? ഞാൻ ആശ്വസിപ്പിച്ചുകൊള്ളാം."

"കുടുംബം പാലിച്ചുകൊണ്ടുപോകേണ്ടതും എൻ്റെ കടമയല്ലേ? അതിനൊക്കെ കുറേ പണം വേണ്ടേ?"

"എല്ലാത്തിനും നിവൃത്തിയുണ്ടാകാം. ഭാവി വിഷമിക്കേണ്ടാ. നീ കൂടെ ഇല്ലെങ്കിൽ എനിക്കു കോളജിൽ പോകാൻ രസമില്ല."

## III

ആകാശത്തിൻ്റെ അനന്തതയിൽ അനേകം പാടാമലരുകൾ വികസിച്ചുനിന്നു. അവയുടെ പരിമളധോരണി ഭൂമിയിലേക്കു പ്രസരിച്ചു. അവയുടെ പ്രകാശപൂരം ജഗത്തിനെ പ്രകാശിപ്പിച്ചു. ഈശ്വരമാഹാത്മ്യം അങ്ങനെയെങ്ങും മാറൊറാലിക്കൊണ്ടു.

വക്കിച്ചേട്ടൻ പ്രഭാതത്തിൽ പള്ളിയിൽ പോകും. അവിടെ കണ്ണുനീരും കൂപ്പുകൈയുമായിനിന്നു പ്രാർത്ഥിക്കും. ദിവ്യപൂജയും കണ്ടു വീട്ടിലേക്കു മടങ്ങും. മറു ജോലികൾക്കു ശേഷം വീണ്ടും പള്ളിയിലെത്തും. ജയിംസിനും ഗ്രേസിക്കുംവേണ്ടി ഹൃദയം തുറന്നുള്ള പ്രാർത്ഥനകൾ ഉയർത്തും.

"ദൈവമേ! എൻ്റെ കുഞ്ഞുങ്ങൾ. അവരെ അങ്ങേ തൃക്കൈകളിൽ ഞാൻ സമർപ്പിക്കുന്നു. അങ്ങേ ഇഷ്ടംപോലെ സകലത്തും".

ഗ്രേസിയുടെ ഒരെഴുത്ത് അയാൾ വായിച്ചു. അതിൽ എഴുതിയിരുന്നു;

"— — — ലൌകികജീവിതം. അതിൽ അലൌകികമായ ഒരാനന്ദം അടങ്ങിയിരിക്കുന്നുണ്ട്. എ

നാൽ അധികമാളുകളും അതറിയുന്നില്ല. ആ ആനന്ദാസ്വാദനത്തേക്കാൾ അഭിലഷണീയമായി എന്തുണ്ടു ഭൂമിയിൽ?

“അപ്പച്ചാ, നയനസുഭഗമായ ഒരു പൂന്തോട്ടം ഇതാ എനിക്കു ദൃശ്യമാകുന്നു. അതിൽനിന്നും എൻെറ നേരെ വീശുന്ന പരിമളം! ആ പരിമളം ഞാൻ ആസ്വദിച്ചുതുടങ്ങിയിട്ട് കുറേ നാളുകളായി; അപ്പച്ചനെ അറിയിച്ചില്ലെന്നേയുള്ളു. ആ പൂന്തോപ്പിലേക്ക് എൻെറ ദുർബലപാദങ്ങൾ ഉഴറിക്കുതിക്കുകയാണ്. അതിൻെറ കവാടം എനിക്കായി തുറക്കപ്പെട്ടും. അതിലേക്കു ഞാൻ ചാടിക്കയറും. അപ്പച്ചൻ എന്നെ തടസ്സപ്പെടുത്തരുതേ”.

“കരുണാനിധിയായ ദൈവത്തിനു വിനീതസ്തോത്രം” വക്കിച്ചേട്ടൻ ആ എഴുത്ത് അധരത്തിൽ ചേർത്തു ചുംബിച്ചു. കൈകൾ രണ്ടും കൂപ്പി, മുഖം ആകാശത്തിലേക്കുയർത്തി, ഭക്തിപുരസ്സരം അയാൾ പറഞ്ഞു:

“കർത്താവേ, നിൻെറ ഇഷ്ടംപോലെതന്നെ എല്ലാം നിറവേറട്ടെ!”

ഭാസിയും ജയിംസും കോളജുവിദ്യാഭ്യാസത്തിൻെറ ആനന്ദങ്ങളും അവശതകളും അനുഭവിച്ചുകൊണ്ടു കഴിയുകയാണ്. ഭാസിയുടെ മാതാവിനെ അവൻെറ വിദ്യാഭ്യാസത്തിനു സമ്മതിപ്പിച്ച വിധങ്ങൾ ഓർക്കുമ്പോൾ ജയിംസിൻെറ ചാരിതാർത്ഥ്യം ശരൽക്കാലത്തിലെ ചന്ദ്രികപോലെ തെളിയും. അവൻ സഖാവിനോടു പറഞ്ഞു:

“നമ്മുടെ സഖിത്വം എന്നുമെന്നും ഇങ്ങനെ പൂക്കൾ ഉതിർത്തിരുന്നുവെങ്കിൽ!”

“അതിൽ സംശയിപ്പാനുണ്ടോ? ഏതൊരു ശക്തിക്കാണു നമ്മുടെ സഖിത്വത്തെ മുറിവേല്പിക്കുവാൻ കഴിയുന്നതു്?”

“നരകത്തിലും സ്വർഗ്ഗത്തിലും നമ്മൾ സഖാക്കളാ

യിത്തന്നെയിരുന്നാൽ എന്തൊരാനന്ദനിർവൃതിയാ
യിരുന്നു!"

"നരകം നമ്മുടെ സഹിതത്വത്തിൽ തീർച്ചയായും മോക്ഷമായി പരിണമിക്കും."

അങ്ങനെ നാരകീയ യാതനകളെ സ്വർഗ്ഗീയാനുഭൂതികളാക്കിത്തീർക്കാൻ തയ്യാറാണെന്ന് അവരുടെ സഹിതത്വം അഭിമാനംകൊണ്ടു.

ഹോസ്റ്റലിൽ നിത്യവും ഒരുമിച്ചുള്ള താമസം ഹൈസ്കൂളിലേതിനേക്കാൾ വളരെ കൂടുതൽ ആനന്ദകരമായി അവൾക്കുതോന്നി. ക്ലാസ്സുസമയത്തു മാത്രമായിരുന്നു മുമ്പ് ഏവരുടെ സഹവാസവും സാമീപ്യവും. ഇന്നാകട്ടെ ആ സഹവാസവും സാമീപ്യവും നിത്യതയിൽ ഒട്ടിച്ചേർന്നു. ഊണും ഉറക്കവും, പാട്ടും പഠനവും, കളിയും കുളിയും അവരെ ഇന്നു സമീപിക്കുകയും സഹകരിക്കുകയുംചെയ്തു. ഏകീകരിച്ച ഹൃദയങ്ങളുമായി ആ രണ്ടു ശരീരങ്ങൾ അകലാതെനിന്നു.

ആനന്ദത്തിൽ അഴകിയ നിമിഷങ്ങളും ദിവസങ്ങളും—അവയെ എങ്ങനെ വിനിയോഗിക്കണമെന്ന് ആ ചങ്ങാതിമാർ ആലോചിച്ചു. ഏററവും ഹൃദ്യതയിലെത്തിയ മാർഗ്ഗം അവർ അവലംബിച്ചു.

സായാഹ്നത്തിൽ അവർ നഗരവീഥികളിൽകൂടി 'സൊള്ളി' അങ്ങുമിങ്ങും കണ്ടുംകേട്ടും രസികതയിൽ ലയിച്ച് അവർ കറങ്ങിത്തിരിയും. അതിൽ ഏതോ നിത്യനിർവാണാനുഭവങ്ങൾ അവരെ അനുഗ്രഹിക്കുന്നതായി അവൾക്കു തോന്നി.

മലവാരത്തുനിന്നും പുറപ്പെട്ട കൊച്ചരുവി അതിന്റെ സ്വച്ഛതയുമായി തുള്ളിക്കുതിച്ചു പാഞ്ഞു കുറേ അകന്നപ്പോൾ അതിൽ അഴുക്കുകൾ കലർന്നുതുടങ്ങി. അധികം കഴിയുന്നതിനുമുമ്പായി അതു കലങ്ങി മറിഞ്ഞു.

ബോർഡിംഗ്ഹൌസിൽ വൈദികരുടെമേൽനോട്ടത്തിൻകീഴിൽ നയിച്ച ജീവിതത്തിൽനിന്നും ഒരു അ

ഭരണിയത ജയിംസിൻെറ സ്വഭാവത്തിൽ കലന്നിരുന്നു. അന്ന് അവളുൻെറ ബദ്ധവൈരികളാണ് ബീഡിയും സിഗരററും. ആ ആദർശസൌന്ദര്യം അവനിൽ നിത്യം നിലനിന്നു കാണാൻ ആകാശകുസുമങ്ങൾ കൊതിച്ചു.

പുകവലിക്കണം, മുറുക്കണം, വല്ലപ്പോഴും അല്പം മദ്യം സേവിക്കണം—അങ്ങനെ ചില പൊടിപ്രയോഗങ്ങൾ ഭാസിയുടെ യുവത്വത്തെ അലങ്കരിച്ചിരുന്നു! ആ പൊടിപ്രയോഗങ്ങൾ ഉപയോഗിക്കാതിരിക്കാൻ, ജയിംസുമായുള്ള നിത്യസഹവാസത്തിലും സാധാരണത്വം കലന്ന അവൻെറ യുവത്വത്തിനു കഴിവില്ലായിരുന്നു—സമ്മതവുമില്ലായിരുന്നു. ആത്മാത്ഥസ്നേഹിതൻെറ ആവശ്യങ്ങളായിമാത്രം ജയിംസും അവയെ കരുതി. ആ ബീഡിപ്പുകയും, മുറുക്കിച്ചെമന്ന തുപ്പലും, കള്ളിൽ പതയും, ആദർശാന്തരീക്ഷത്തെ എങ്ങനെ കാറുപിടിപ്പിക്കാമെന്ന് അവൻ ആലോചിച്ചില്ല- ആലോചിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ ആലോചന ആരംഭിക്കുമ്പോൾ അവരുടെ സഖിത്വം ക്ഷതമേൽക്കുന്നതായിരുന്നു ജയിംസിൻെറ അനുഭവം!

കൂട്ടുകാരനു പരിചിതങ്ങളും സേവിതങ്ങളും ആയിരുന്ന ബീഡിയും, മുറുക്കാനും, മദ്യവും. ജയിംസിനും പരിചിതങ്ങളായിത്തുടങ്ങി. അല്പപരിചയത്തിൽനിന്നും അവയോടുള്ള അപ്രീതി അവനിൽനിന്നു അകന്നു. അല്പം കൂടി പരിചയപ്പെട്ടപ്പോൾ അല്പം പ്രീതി അവനു് അവയുടെപേരിൽ ഉണ്ടായി—ഉണ്ടാകുവാൻ ഭാസി കാരണമായി!

പുകവലിയും മുറുക്കാനും ജയിംസിൻെറ ആദർശസൌന്ദര്യത്തെ ആദ്യമായി കളങ്കപ്പെടുത്തി. മദ്യപാനം പിന്നീട് അതിനെ കറുപ്പിച്ചു. അങ്ങനെ വക്കീച്ചേട്ടൻെറ മകൻെറ കോളജ്ജീവിതം പുരോഗതിയിലേക്ക് കാലുകൾവെച്ചു പാഞ്ഞു.

പുതിയ ചിത്രങ്ങൾ സിനിമായിൽവരുമ്പോൾ ഭാസി ജയിംസിനെ വളരെ നിർബന്ധിച്ചുപോയിക്കാണുവാൻ. അവൻ ഒരു ക്ഷമാപണത്തോടുകൂടി നിരസിച്ചു. ഭാസി അവനോടു പറയും:

"ആ കഥയുടെ ആദർശം മനസ്സിലാക്കുവാനായിട്ടെങ്കിലും".

ജയിംസ് അവജ്ഞയോടുകൂടി പ്രതിവചിച്ചു:

സിനിമാച്ചിത്രങ്ങളുടെ ആദർശം അല്ലേ? – നടീനടന്മാരുടെ ആദർശം?"

ഷേക്സ്പീയറിന്റെയും മററും കഥകൾ മാത്രം ജയിംസ് കണ്ടു. മററു കഥകളും കാണുവാൻ ഭാസി വീണ്ടും നിർബന്ധിച്ചു. ജയിംസ് അതിനെല്ലാം എതിർത്തുനിന്നു. അവസാനം ഭാസി തീരുമാനിച്ചു, തന്നേപോയി സിനിമാ കാണുന്നതിനു്. ജയിംസിനു് അതു സമ്മതമല്ലായിരുന്നു. ഭാസിയെ പേർപിരിയുന്നതുമാത്രമായിരുന്നു അവന്റെ ഹൃദയത്തിനു സഹിക്കുവാൻ പാടില്ലാതിരുന്നതു്. അവനും സഖാവിനെ സിനിമാശാലയിലേക്കു അനുഗമിച്ചു.

സിനിമാച്ചിത്രങ്ങളെല്ലാം കാണുവാൻ ജയിംസിനു കൌതുകം ഉണ്ടായിത്തുടങ്ങി. ആ കൌതുകം അവന്റെ രാത്രികാലപരിപാടികളിൽ മാററം വരുത്തി. നാടകങ്ങളും സിനിമാകളും ആ സഖാക്കൾ ഒന്നുപോലും വിടാതെ കണ്ടുരസിച്ചു. അങ്ങനെ അവരുടെ ആനന്ദം തടിച്ചു, വക്കിച്ചേട്ടന്റെ പണപ്പെട്ടി ശുഷ്കിച്ചപ്പോൾ!

## IV

ആനന്ദത്തിന്റെയും ആഡംബരത്തിന്റെയും ആസ്വാദനീയതകളിൽക്കൂടി കോളജ്ജീവിതത്തിന്റെ ഓരോ വിനാഴികയും നീങ്ങിക്കൊണ്ടിരുന്നു.

ഭാസി, എല്ലാ വിഷയത്തിനും, നാം ഇങ്ങനെ തോ

റുപോയാൽ എന്തുചെയ്യും? എങ്ങനെയാണു നമുക്കു പ്രമോഷ്യൻ കിട്ടുന്നത്?"

ജയിംസ് ശങ്കാകുലനായി.

"പ്രമോഷ്യൻ കിട്ടാനാണോ വിഷമം? വാർഷികപ്പരീക്ഷയുടെ തലേ ആഴ്ചയിൽ മൂന്നുനാലു ദിവസം നല്ല 'വർക്ക്' ചെയ്യണം. അല്ലാതെ പേടിക്കാനൊന്നുമില്ല."

ഭാസി ജയിംസിനെ ആശ്വസിപ്പിച്ചു.

"സ്നേഹിതാ, അതു പറയുമെന്നുതോന്നുന്നില്ല! മൂന്നുനാലുദിവസം പഠിച്ചാൽ ഒരു കൊല്ലത്തെ പോരായ്മ തീരുമോ? ഇന്നുതൊട്ടു നന്നായിട്ടു പഠിക്കണം. അല്ലാതെ രക്ഷയൊന്നുമില്ല. ഇനി സിനിമാക്കൊന്നും പോകേണ്ടാ. മാസം നൂറുനാൽപ്പത്തുരൂപാ വീട്ടിൽനിന്നു വാങ്ങി പഠിച്ചിട്ടു പരീക്ഷയിൽക്കൂടെ വീണ്ടും തോറ്റുതൊപ്പിയിട്ടുചെന്നാൽ മതിയോ?"

"വേണമെങ്കിൽ ഞാൻ ഗാറൻറി എഴുതിത്തരാം ജയിക്കുമെന്ന്. അതിൽ കൂടുതൽ വല്ലതുംവേണോ? മൂന്നു നാലു ദിവസം ഒന്നു നല്ലതുപോലെ പഠിക്കണം. എന്നാൽ ഷുവർപാസ്. അല്ലാതെ ഇന്നേ പുസ്തകപ്പുഴ ആയിത്തീരുകയൊന്നും വേണ്ടാ."

X X X X

സന്തോഷഭരിതനായി ഭാസി ജയിംസിനോടു ചോദിച്ചു:

"നീ അറിഞ്ഞോ?"

"എന്ത്?"

"നാളത്തെ ഡ്റാമാ."

"ഡ്റാമായൊക്കെ പോട്ടെ. വരുന്ന ആഴ്ചയിലല്ലേ പരീക്ഷ?"

"എൻെറ സഹോദരിയാണതിലെ നായിക".

"ആര്? ജാനകിയോ?"

"അതേ"

"നാടകക്കമ്പനിയിൽ ചേൎന്നിട്ട് അധികംനാളായി ല്ലെന്നു തോന്നുന്നു".

"എത്ര നാളായാലും നാളത്തെ നായിക ജാന കിയാം."

"എന്നാൽ നമുക്ക തീർച്ചയായിട്ടും പോകണം".

ജയിംസിന്റെ ഹൃദയം ആലോചനയുടെ അമ്പല ത്തിൽ കൈവിളക്കമായി കയറി. അവിടെ ചില സുന്ദര മൂൎത്തികൾ അവനു ദൃശ്യമായി.

"അന്നു കിറയുടപ്പമായി എന്റെയടുത്തുവന്ന ആ ജാനകി!— അവളിന്നു താരുണ്യത്തഴപ്പിൽ തടിച്ചു കൊഴുത്തും, ആടയാഭരണങ്ങളിൽ അണിഞ്ഞു മിന്നു ത്തും ഉള്ള ഒരു നടി!"

ആ താരുണ്യത്തഴപ്പിൽ ഒരു സായൂജ്യസിദ്ധിയുടെ സമ്പ്ര ദായങ്ങൾ അവൻ കണ്ടു.

"അന്നു ഞാൻ മാലകൊടുത്തതു് ഏററവും ഉചിത മായില്ലേ്രായെന്ന് ഇന്നെനിക്കനുഭവപ്പെടുന്നുണ്ട്. എ ത്ര പേരായിരിക്കാം ഇന്നാഭാഗ്യം അഭ്രഗ്രഹിച്ചേക്കാ വുന്നതു്?"

അവൻ ചാരിതാൎത്ഥനായി.

ചിന്തയിൽ പാറിപ്പറി നില്ക്കുന്ന പൂച്ചസ്മരണക ളോടും, ആശയത്തിൽ മുററിമുററി നില്ക്കുന്ന ആശകളോ ടുംകൂടെ നാടകശാലയിൽ ജയിംസ് ഭാസിയുമായി സ്ഥലം പിടിച്ചു. അവന്റെ നയനങ്ങൾ വെമ്പുകയാണ്, ഒരു അനന്ദദൎശനസൌഭാഗ്യത്തിനുവേണ്ടി! അവന്റെ ഹൃദയ ഭിത്തികൾ തുടിക്കുകയാണ്, സാഫല്യത്തിന്റെ സായൂജ്യ സിദ്ധിക്കുവേണ്ടി!

"ജയിംസേ, അതാ പ്രവേശിക്കുന്നു."

ഭാസി സഹോദരിയെ ജയിംസിനു കാണിച്ചുകൊടുത്തു.

"അതേ."

"അതാണോ?"

ജയിംസിനു വിശ്വസിക്കുവാൻ പാടില്ലായിരുന്നു. അതു ജാനകിയാണെന്ന്!

"എന്തൊരു സൗന്ദൎയ്യക്കൊഴുപ്പ്!"
അവന്റെ അധരങ്ങൾ ഭാസിയറിയാതെ മന്ത്രിച്ചുപോയി.

ജാനകിയുടെ നടനങ്ങളും ഗാനങ്ങളും ജയിംസ് ശ്രദ്ധിച്ചു. പരിപൂൎണ്ണതയുടെ ഉയൎച്ചയിൽ അത്രമാത്രം എത്തുവാൻ നടനങ്ങൾക്കും ഗാനങ്ങൾക്കും കഴിയുമോ എന്നവൻ അത്ഭുതപ്പെട്ടു. ആ അത്ഭുതം അവന്റെ മനസ്സിനെ കീഴ്മേൽ എടുത്തു മറിച്ചു.

നാടകം തീൎന്നു് ഭാസിയും ജയിംസും ഉറങ്ങുവാൻ കിടന്നു. എന്നാൽ ജയിംസിന്നു് ഉറക്കംവന്നില്ല. നാടകത്തിലെ നായികയുടെ സ്മരണകൾ അവനെ നിദ്രയിൽ നിന്നും നാലുമൈലകലെ അടിച്ചകററി.

ഏതിലും ഒരലസത ജയിംസിനെ ബാധിച്ചു. പരീക്ഷ അടുത്തിട്ടും ഒന്നും വായിക്കാതെയും എഴുതാതെയും, ആരോടും ഒന്നും പറയാതെയും, അധികസമയവും ഏകാന്തതയിൽ അവൻ കഴിച്ചുകൂട്ടുന്നതായി കാണപ്പെട്ടു. അഗാധമായ ആലോചനയിൽനിന്നും പിടഞ്ഞെണിററു കൊണ്ടു് ചിലപ്പോൾ അവൻ ഉച്ചരിക്കും:

"ഞാനാണാദ്യം മാലതന്നതു കേട്ടോ!"

ജയിംസിന്റെ മനോഗതങ്ങൾ ഭാസി വേഗം മനസ്സിലാക്കി. സഖാവിന്റെ ഹൃദയഗതിയിൽ അവനു സംതൃപ്തിയുണ്ടായി. സഹോദരിയെ അങ്ങനെയൊരു സമ്പന്നപുത്രനുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഭാസി പ്രത്യാശിച്ചു. അവൻ ജയിംസിനോടു പറഞ്ഞു:

"ജയിംസേ, നിന്റെ കാൎയ്യങ്ങളെല്ലാം ജാനകി താൽപൎയ്യപൂൎവ്വം ചോദിച്ചു."

ജയിംസിന്റെ ഹൃദയത്തിനു പിന്നെയൊട്ടും നില കിട്ടിയില്ല. ഭാസിയോടു വിവരം തുറന്നുപറയുവാൻ മടിയും തോന്നി. മററു വിദ്യാൎത്ഥികൾ തന്റെ ഈ അവശത

മനസ്സിലാക്കുമോ എന്നവൻ ഭയന്നു. അങ്ങനെ അകമാനം അവൻ അലഞ്ഞുലഞ്ഞു.

ഒരു ദിവസം ജയിംസ് നാടകക്കമ്പനിയിൽചെന്നു ജാനകിയുമായി സംസാരിച്ചു. അശ്ലീലം അശ്ലീലത്തിനുംവഴി തെളിക്കത്തക്ക വിധത്തിലാണു അവൾ പെരുമാറിയതു്. അതും ജയിംസിൻെറ സമാധാനക്കേടിനു കാരണമായി.

ജയിംസിൻെറ ഓരോ ചലനങ്ങളും, മനസ്സിൽ ചില ഭാവി പരിപാടികൾ തയാറാക്കിക്കൊണ്ടു്, ഭാസി സകൗതുകം ശ്രദ്ധിച്ചു. അവൻെറ പരിപാടി മിക്കവാറും ശുഭപര്യവസായിയായിത്തന്നെ അവനു തോന്നി.

"ജയിംസേ, ജാനകിയ്ക്കു വലിയ ഒരാഗ്രഹം! അതിനു നീ സമ്മതിക്കുമോ എന്നു ചെറിയ ഒരു സംശയം!"

ഭാസി ജയിംസിനോടു പറഞ്ഞു.

"ഭാസീ, എനിക്കു നീ പറഞ്ഞതു മനസ്സിലാകുന്നില്ല" ജയിംസ് ഒന്നും അറിയാത്ത ഒരു നിഷ്കാപട്യം അഭിനയിച്ചു.

"തുറന്നു പറയാം. മററൊന്നുമല്ല; ദാമ്പത്യത്തിലേക്കു നിന്നെ ക്ഷണിക്കാൻ!"

ലജ്ജയും സന്തോഷവും ഇടകലർന്ന ഒരു മന്ദഹാസത്തോടും മാറാത്ത നിരാശയുടെ നേരിയ ഒരു വൈഷമ്യത്തോടും കൂടി ജയിംസ് പറഞ്ഞു.

"ഭാസീ, ഞാൻ നിന്നിൽനിന്നും ഇതുവരെ യാതൊന്നും മറച്ചുപിടിച്ചിട്ടില്ല. അതുകൊണ്ടു ഞാൻ ഹൃദയത്തെ തുറന്നു കാണിക്കട്ടെ. എനിക്കും അതിനു വലിയ ആഗ്രഹമാ. എന്നാൽ അപ്പച്ചൻ അറിഞ്ഞാൽ! —"

"എന്തു പറയാനാ?"

"വേറേ ജാതിയായതുകൊണ്ടു്—"

"ഓ! മിശ്രവിവാഹം ഇപ്പോൾ ധാരാളം നടക്കുന്നു

ണ്ടു്. പലരും അതനുഷ്ഠിച്ചിട്ടുണ്ടു്; അതിനുവേണ്ടി വാദിക്കുന്നുമുണ്ടു്".

"എന്നാലും അപ്പച്ചൻ—"

"അതിനു് ഒരു കാര്യം ചെയ്താൽ മതി. വിവാഹം നടന്നിട്ടേ അറിയിക്കാവൂ. അപ്പോൾ എന്തു ചെയ്യും നാ?"

V

ഭാസിയുടെ സഹോദരിയെ വിവാഹം കഴിച്ചുവെന്നും, മററു ചില പരിതഃസ്ഥിതികൾകൊണ്ടാണു് അറിയിക്കാതിരിരുന്നതെന്നും, താമസിയാതെ ഭാര്യയുമായി വീട്ടിൽവരുമെന്നും, അന്നു വിവാഹത്തിൻെറ മററു ആഡംബരങ്ങൾ കൊണ്ടാടണമെന്നും കാണിച്ചുള്ള മകൻെറ ഒരെഴുത്തു് വക്കിച്ചേട്ടൻ വായിച്ചു. മിശ്രവിവാഹം അനുവദനീയമാണെന്നും, അതുകൊണ്ടുമാത്രമേ ലോകം പുരോഗമിക്കുകയുള്ളുവെന്നും അതിൽ ഉന്നിപ്പറഞ്ഞിരുന്നു.

ആദ്യം അയാൾ വളരെ സംശയിച്ചു. അതു പുത്രൻെറ എഴുത്തല്ലയോ എന്നു്. എന്നാൽ കൈയക്ഷരം കൊണ്ടുതന്നെ ഏററവും പ്രത്യക്ഷമായിരുന്നു അതു മററാരുടേതുമല്ലെന്നു്. കൊടുംനഷ്ടത്തെപോലെ അയാൾ ഒന്നു ഘുർക്കരിച്ചു. തിപ്പെട്ടിയുരച്ചു് ആ എഴുത്തു് അയാൾ കത്തിച്ചുകളഞ്ഞു.

"ഇതോ എൻെറ അനുഭവം? കർത്താവേ! എൻെറ മകൻ ഇങ്ങനെയും ചെയ്യോ?"

അയാൾ വളരെനേരം വിചാരത്തിലാണ്ടിരുന്നു. അയാളുടെ കലങ്ങിയ കണ്ണുകളിൽനിന്നും കണ്ണുനീർ കുടുകുടെ ഒഴുകിച്ചാടി. ഭ്രാന്തനേപോലെ അയാൾ എഴുന്നേററു.

"നിൻെറ വലംകൈ നിന്നോടു മറുതലിക്കുന്നുവെങ്കിൽ അതിനെ വെട്ടി ദൂരെയെറിയുക!"

അയാൾ വീണ്ടും വീണ്ടും പറഞ്ഞു:

"നിൻെറ വലംകൈ നിന്നോടു മറുതലിക്കുന്നുവെങ്കിൽ അതിനെ വെട്ടി ദൂരെയെറിയുക."

വസ്തുക്കളും മററു വകകളും ആയുണ്ടായിരുന്ന സകല സ്വത്തുക്കളും വക്കിച്ചേട്ടൻ തിട്ടപ്പെടുത്തി. മുഴുവനും അയാൾ കൂടുതൽ കുറവുകൂടാതെ രണ്ടായി ഭാഗിച്ചു. ഒരു ഭാഗം ഗ്രേസിക്കു നൽകിയതായി ആധാരം തയാറാക്കി. ആധാരവും ഒരെഴുത്തും അവൾക്ക് രജിസ്റ്റർ ചെയ്തയച്ചു. ആ എഴുത്തിൽ ഇങ്ങനെ ചേർത്തിരുന്നു.

"— — — നിൻെറ വലംകൈ നിന്നോടു മറുതലിക്കുന്നുവെങ്കിൽ അതിനെ വെട്ടി ദൂരെയെറിയുക എന്നാണല്ലോ കർത്താവരുളിച്ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് പാപിയായ മകനെ ഞാൻ പരിത്യജിച്ചുകൊള്ളുന്നു. അതിൽ മകളേ, നീ വാദിക്കുകയോ ഖേദിക്കുകയോ അരുതു് — — —"

അവളുടെ വീതം സ്വത്തുക്കൾ ഇഷ്ടാനുസരണം വിനിയോഗിച്ചുകൊള്ളു എന്നും, അവൾ ദൈവത്തിനും സഭയ്ക്കും സന്തോഷപ്രദമായ ഒരന്തസ്സിൽ പ്രവേശിച്ചുകാണുന്നതിനു താൻ ആഗ്രഹിക്കുന്നു എന്നും അവിടെ അടുത്തുള്ള ഒരു ആശ്രമത്തിനു് ബാക്കി സ്വത്തുക്കൾ മുഴുവൻ നൽകി അവിടെയിരുന്നു് ഈശ്വരധ്യാനം ചെയ്യുന്നതിനാണു തൻെറ ഉദ്ദേശമെന്നും ആ എഴുത്തിൽ അയാൾ കാണിച്ചിരുന്നു.

പിതാവിൻെറ എഴുത്തു കിട്ടിയ ഉടൻ ഗ്രേസി വീട്ടിലെത്തി. വക്കിച്ചേട്ടൻ ആശ്രമത്തിൽച്ചേൻ കഴിഞ്ഞിരുന്നു. അവൾ അവിടെച്ചെന്നു പിതാവിൻെറ പാദങ്ങളിൽ വീണു നമസ്കരിച്ചു.

"മകളേ, നീ എന്തിനാണു് ഇങ്ങോട്ടോടിപ്പോന്നതു്. ഞാൻ എഴുത്തയച്ചിരുന്നല്ലോ. കിട്ടിയില്ലേ?"

"കിട്ടി. അതുകൊണ്ടാണല്ലോ ഞാൻ വന്നതു്".

"എന്തിനു്?"

"അപ്പച്ചൻ സങ്കടപ്പെടുകയാണെങ്കിൽ ആശ്വസിപ്പിക്കാൻ".

"ഇല്ല; മകളേ എനിക്കു സങ്കടമില്ല. അവൻ അങ്ങനെ ധൂർത്തപുത്രനായിപ്പോയി. അവനെ ദൈവം മാനസാന്തരപ്പെടുത്തട്ടേ! അതിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കും".

"അപ്പച്ചാ, ദൈവം അപ്പച്ചന്റെയും എന്റെയും പ്രാർത്ഥന കൈക്കൊള്ളും".

"മകളേ, എനിക്കിനി ഒരു കാര്യം സാധിക്കാനുള്ളു"

"അതെന്താണപ്പച്ചാ".

"എനിക്കൊരാഗ്രഹം".

"അപ്പച്ചന്റെ ആഗ്രഹം എന്നോടു പറ."

"നിന്നെയൊരു കന്യാസ്ത്രീയായിക്കാണാൻ".

"അപ്പച്ചാ, അതിനു അനുവാദം ചോദിക്കാനുംകൂടെയാണ് ഞാനിങ്ങോട്ടുവന്നതു്".

വക്കിച്ചേട്ടന്റെ ഹൃദയം സന്തോഷത്താൽ തുടിച്ചു. അയാളുടെ ഹൃദയത്തിൽ നിഗ്രഹനം ചെയ്തിരുന്ന ഏക ആഗ്രഹം ഇതാ നിറവേറിയിരിക്കുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞു. മകളുടെ മൃദുഹസ്തങ്ങൾ രണ്ടും പിടിച്ച് അയാൾ മാറത്തുചേർത്തു; അവയെ ഉയർത്തി അനേകം ചുംബനങ്ങൾ ചാർത്തി. അവളുടെ ശിരസ്സിൽ കരങ്ങൾ ചേർത്തുകൊണ്ടു് ആ പിതാവു് ഗൽഗദസ്വരത്തിൽ ആശ്വാസപൂർവ്വം പറഞ്ഞു:

"മകളേ മതി. അതു മതി. എനിക്കതുമാത്രം കേട്ടാ മതി. അത്രേ എനിക്കുണ്ടായിരുന്നുള്ളു".

കുറേക്കൂടെ സാവധാനം അയാൾ തുടർന്നു:

"ദൈവമേ! എന്തൊരാശ്വാസം! അങ്ങു കരുണയുടെ കടലാണല്ലോ. മകളേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! അവനെയും അനുഗ്രഹിക്കട്ടെ!"

"അപ്പച്ചാ, നമുക്കു രണ്ടുപേർക്കും ദൈവത്തോടു പ്രാർത്ഥിക്കാം".

"മകളേ!"

അയാൾ ഒന്നു നിശ്വസിച്ചു. ഗ്രേസി അയാളുടെ കൈകളെ തലോടിക്കൊണ്ടു പറഞ്ഞു:

"അപ്പച്ചാ ഇന്നുതന്നെ ഞാൻ പോകുകയാണ്. ഇനി ഒരു കന്യാസ്ത്രീയായിട്ടേ ഞാൻ തിരിയെ വരികയുള്ളൂ. അതിനുവേണ്ടി അപ്പച്ചൻ പ്രത്യേകം പ്രാർത്ഥിക്കണം. അപ്പച്ചനുവേണ്ടിയും ആങ്ങളയ്ക്കു വേണ്ടിയും ഞാനും പ്രാർത്ഥിക്കും"

"മകളേ, ദൈവം നിന്നെയും അവനെയും അനുഗ്രഹിക്കും".

"അപ്പച്ചാ, ദൈവം അനുഗ്രഹിക്കുകയാണെങ്കിൽ, ഞാൻ തിരിച്ചുവരുമ്പോൾ അപ്പച്ചൻ തന്ന സ്ഥലത്തു് ഒരു ആശ്രമം സ്ഥാപിക്കും!"

## VI

വയലിൽ വിത്തുകൾമാത്രം കൃഷിക്കാരൻ വിതയ്ക്കുന്നു. കളകളും അവയോടൊപ്പം മുളച്ചുവളരുന്നു. അതിൽ വിസ്മയത്തോടുകൂടി സൂര്യൻ പിന്നെ പല പ്രാവശ്യം ഉദിച്ചുപൊങ്ങിയസ്തമിച്ചു.

വക്കീച്ചേട്ടന്റെ പറമ്പുകൾ എല്ലാം ഒററ ബ്ളോക്കായി മതിൽകെട്ടി മറച്ചിരിക്കുന്നു. ഒരു സന്യാസാശ്രമമാണു് അതു്. മനോഹരങ്ങളായ ഉദ്യാനങ്ങൾകൊണ്ടു മോഹനവും കർത്താവിന്റെ ശുശ്രൂഷകരായ കന്യാസ്ത്രീകളുടെ സാന്നിദ്ധ്യംകൊണ്ടു പാവനവും ആയ അവിടെ ഒരു ദൈവാലയവും ഒരു ആതുരശാലയുംകൂടെയുണ്ടു്. അനേകം രോഗികളും ദരിദ്രരും അവിടെ അഭയം പ്രാപിച്ചിരുന്നു. അവരെയെല്ലാം ശുശ്രൂഷിക്കുന്നതിൽ ആശ്രമാധിപയായ സിസ്റ്റർ ആഗ്നസ് (ഗ്രേസി) അധികം താൽപര്യം കാണിച്ചു.

നട്ടുച്ചസമയം. പക്ഷികൾ മരക്കൊമ്പുകളിലും, മൃഗങ്ങൾ മരത്തണലുകളിലും വിശ്രമിക്കുന്നു. ഗ്രേസിയമ്മ മാത്രം ആതുര ശുശ്രൂഷയിൽ ബദ്ധശ്രദ്ധയാണു്. ഒരു

യാചകി വെയിലിൽ വാടിത്തളന്ന് ആതുരാലയത്തിൽ എത്തി.

ഒരു ഓറഞ്ചും രണ്ടു കഷണം റൊട്ടിയും സിസ്റ്റർ ആഗ്നസ് യാചകിക്കു കൊടുത്തു. അതു ഭക്ഷിച്ച് അവൾ ആശ്വസിച്ചു.

"സഹോദരി, നിങ്ങൾ ആരാണ്? എവിടെനിന്നാണു വരുന്നത്?"

സ്നേഹം നിറഞ്ഞ സ്വരത്തിൽ ഗ്രേസിയമ്മ ചോദിച്ചു.

"അമ്മേ, ഞാനൊരു പാപിനിയാണ് — കൊടും പാപിനി! എന്റെ ചരിത്രം കേട്ടാൽ അമ്മ നടുങ്ങും!"

അവളുടെ കണ്ണുകൾ നിറഞ്ഞു.

"സഹോദരി, വ്യസനിക്കാതെ. പാപത്തിന്റെ പരിഹാരത്തിനായിട്ടാണ് ക്രിസ്തുനാഥൻ ലോകത്തിൽ വന്നത്."

"അമ്മേ, എന്റെ പാപങ്ങൾ പരിഹരിക്കപ്പെടുകയില്ല. അയ്യോ!"

"സഹോദരി, അങ്ങനെ പറയാതെ എല്ലാ പാപവും പൊറുക്കപ്പെടും. മഗ്ദലേനായോടുപോലും ക്ഷമിച്ച കരുണാവാരിധിയാണ് കർത്താവ്! അദ്ദേഹത്തിൽ ശരണപ്പെടുക".

"അമ്മേ! എന്റെ പാപങ്ങൾ — അയ്യോ!"

അവൾ വിങ്ങിവിങ്ങിക്കരഞ്ഞു.

"സഹോദരി കരയാതെ കർത്താവിൽ വിശ്വസിക്കുക."

ഒരു നിശബ്ദത അവിടെ വ്യാപിച്ചു.

"നിങ്ങൾ ആരാണെന്നു പറഞ്ഞില്ലല്ലോ."

"അമ്മേ, ഞാൻ ഒരു നാടകക്കമ്പനിയിലെ നടിയായിരുന്നു. അന്നു ഞാൻ സുന്ദരിയും ചെറുപ്പക്കാരിയും ആയിരുന്നു. എന്നെ വിവാഹം ചെയ്യാൻ പലരും ആഗ്രഹിച്ചു. അവരിൽ ഒരാളെ ഞാൻ

സ്നേഹിച്ചു — നടരാജൻ അയാൾ ഒരു സുമുഖനും നല്ല നടനും ആയിരുന്നു. ഞങ്ങൾ വിവാഹം നടത്തി."

ഒരു ബോധക്ഷയത്തിലെന്നതുപോലെ അവൾ നിശ്ചലയായി. സിസ്റ്റർ ആഗ്നസ് ചോദിച്ചു:

"എന്നിട്ട്?"

"അയാൾ വേറൊരു കമ്പനിയിൽചേർന്നു പാഞ്ഞുപോയി. താമസിയാതെ തിരിച്ചുവരുമെന്നു പറഞ്ഞു. രണ്ടുമാസം ഞാൻ കാത്തിരുന്നു. കണ്ടില്ല. പിന്നെ എനിക്കു മാലതന്ന — — അല്ല — — അമ്മേ ഞാനെന്താ പറഞ്ഞത്.? — — ങ്ഹാ! ഞാൻ കാത്തിരുന്നു. കണ്ടില്ല. പിന്നെ — എന്റെ സഹോദരന്റെ കൂട്ടുകാരൻ — ജയിംസ്".

സിസ്റ്റർ ആഗ്നസ് ഒന്നു ഞെട്ടി; അവളെ സൂക്ഷിച്ചുനോക്കി യാചകി തുടർന്നു:

"ജയിംസ് ഒരു കോളേജ് വിദ്യാർത്ഥിയായിരുന്നു. ഞങ്ങൾ തമ്മിൽ സ്നേഹമായി. വിവാഹം നടന്നു. എന്നിട്ട് അയാൾക്കു പിന്നെ വീട്ടിൽനിന്നും രൂപാ ഒന്നും വന്നില്ല, ഹിന്ദുവായ എന്നെ വിവാഹം കഴിച്ചതിനാൽ അയാൾക്കു പണത്തിനു വലിയ വിഷമമായി. അയാൾ എന്നോടു പറഞ്ഞു, എന്റെ ഒരു സ്വർണ്ണമാല കൊടുക്കാൻ. ഞാൻ കൊടുത്തില്ല. അന്നു വൈകിട്ട് എന്നെ ആരോ കുത്തി മുറിവേല്പിച്ചു."

"അയ്യോ! ദൈവമേ! എന്റെ സ—"

സിസ്റ്റർ ആഗ്നസിന്റെ ശരീരം ആലിലപോലെ വിറച്ചു.

"കുത്തിയതു ജയിംസായിരുന്നോ?"

"അല്ലായിരുന്നു. ഞാൻ പറയട്ടെ. ഞാനോർത്തു ജയിംസാണെന്ന്. അങ്ങനെ ഞാൻ മൊഴികൊടു

ത്തു? പോലീസുകാർ അയാളെ പിടിച്ചുകൊണ്ടു പോയി."

"അയ്യോ! ദൈവമേ! പോലീസുകാർ പിടിച്ചുകൊണ്ടുപോയിട്ട്?"

"കൊണ്ടുപോയി ശിക്ഷിച്ചു ജയിലിലിട്ടെന്നാണ് കേട്ടതു്. പിന്നെയൊന്നും എനിക്കറിഞ്ഞുകൂടാ."

"ആരായിരുന്നു കുത്തിയതു്?"

"അതു ഞാൻ പറയാം. നാലഞ്ചുമാസം ഞാൻ ആശുപത്രിയിൽ കിടന്നു. ഞങ്ങളുടെ നാടകക്കമ്പനിയെല്ലാം പൊട്ടി. ഞാൻ ആശുപത്രിയിൽ നിന്നിറങ്ങിയപ്പോൾ ആരും എന്നെ സഹായിക്കാനില്ലായിരുന്നു. എന്റെ സൌന്ദര്യമെല്ലാം പോയി. ദേഹമെല്ലാം ചൊറിയും ചെരങ്ങുമായിരുന്നു. എന്റെ സഹോദരന്റെ പൊടിപോലും കണ്ടില്ല. വീട്ടിൽ ഞാൻ ചെന്നു. അവിടെ മറ്റാരോ താമസമായിരുന്നു. ഞാൻ തെണ്ടിത്തെണ്ടി നടന്നു. അങ്ങനെ നടക്കുമ്പോൾ ആ ദുഷ്ടൻ നടരാജനെ ഞാൻ കണ്ടു. അവനായിരുന്നു കുത്തിയതു്. "ഒന്നു കുത്തിട്ടും നീ ചത്തില്ലേടീ" എന്നു പറഞ്ഞുകൊണ്ട് അയാൾ കഠാരിയെടുത്തു് എന്നെ കുത്തുവാൻ ഓങ്ങി. ഞാൻ വേടിച്ചുമാറി. ഓങ്ങിയ ശക്തികൊണ്ട് അയാൾ നിലത്തുവീണു. ഞാൻ ആ കഠാരി കൈവശപ്പെടുത്തി അയാളെ കുത്തിക്കൊന്നു. അയ്യോ! എന്റെ പാപങ്ങൾ!"

അവൾ കണ്ണുപൊത്തിക്കരഞ്ഞു.

"സഹോദരീ, നിങ്ങളുടെ പാപങ്ങൾ തമ്പുരാൻ പൊറുക്കും. പിന്നെ എന്തുണ്ടായി, പറ—"

"രണ്ടുകൊല്ലം ഞാൻ ജയിലിൽ കിടന്നു. അതു കഴിഞ്ഞു പിന്നെയും തെണ്ടിനടന്നു. അങ്ങനെ നട

ക്കമ്പോൾ ഒരു വൈദികൻ പ്രസംഗിക്കുന്നു. "നീ നിന്റെ പാപത്തെക്കുറിച്ചു പശ്ചാത്തപിക്ക്; അല്ലെങ്കിൽ നരകാഗ്നിയിൽ നീ വീഴും!" ഞാൻ അതു ഗൌനിക്കാതെ നടന്നു. ആ രാത്രിയിൽ, ഞാൻ സ്വപ്നം കണ്ടു, ഒരു വലിയ തീയിൽ ഞാൻ വീണെന്നും, അതിന്റെ മുകളിൽ ഒരു കുരിശു വന്നു നിന്നെന്നും, അതിൽ പിടിച്ചു ഞാൻ കയറിയെന്നും ഒക്കെ. അതിന്റെ അർത്ഥം എനിക്കു മനസ്സിലായി. ആ അച്ചൻ പ്രസംഗിച്ചിടത്തേയ്ക്കു ഞാൻ ചെന്നു. അദ്ദേഹത്തെ കണ്ടില്ല. അമ്മേ, എനിക്കു ജ്ഞാനസ്നാനപ്പെടണം. കുരിശിനാൽ ഞാൻ രക്ഷിക്കപ്പെടണം. അയ്യോ! എന്റെ മഹാ പാപങ്ങൾ! അയ്യോ!"

വീണ്ടും അവൾ നെഞ്ചുപൊട്ടിക്കരഞ്ഞു.

"സഹോദരീ വരിക. നമുക്കു പള്ളിയിലോട്ടുപോകാം. അവിടെ അച്ചൻ നിങ്ങളെ ജ്ഞാനസ്നാനപ്പെടുത്തും"

യാചകിയെ പള്ളിയിലാക്കിയിട്ടു തിരികെ വന്നപ്പോൾ ലഭിച്ച ഒരെഴുത്തു സിസ്റ്റർ ആഗ്നസ് വായിച്ചു.

"കർത്താവിന്റെ സഹോദരി, — —

ഇന്നലെ സന്ധ്യയ്ക്കു ഞാൻ പള്ളിമുററത്തു നമസ്കരിക്കമ്പോൾ പള്ളിയിൽ നിന്നും "പിതാവേ! എന്നെ കൈവെടിയരുതേ!" എന്നുള്ള ഒരു വിലാപം കേട്ടു. പള്ളിയിൽച്ചെന്നു നോക്കിയപ്പോൾ, മുള്ളുകൾ കൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു കുരിശുയത്തി, മുട്ടിന്മേൽ നിന്നു കരയുന്ന ഒരാളെക്കണ്ടു. അയാളുടെ വിവരങ്ങൾ ഞാൻ ചോദിച്ചു മനസ്സിലാക്കി. 'സഹോദരിയുടെ സഹോദരനായ ജയിംസാണു് അയാൾ. ഇന്നലെയാണു് അയാൾ ജയിലിൽനിന്നും

ഇറങ്ങിയതു്. ഇപ്പോഴും അയാൾ ഈശ്വരധ്യാനത്തിലാണ്. അയാളുടെ മാനസാന്തരത്തിലും പശ്ചാത്താപത്തിലും നമുക്ക് ദൈവത്തെ സ്തുതിക്കാം.

"എന്ന കുരിശിടം പള്ളി വികാരി"

സമാപ്തി.

Printed at the St. Joseph's Press, MANNANAM

# വായിക്കുക!

"കസുമങ്ങൾ"

| | | | | |
|---|---|---|---|---|
| No 1 | മാപ്പാപ്പാ മാതാക്കളോട് | 0 | 2 | 0 |
| ,, 2 | ഇതാണ് നീതി | 0 | 3 | 0 |
| ,, 3 | പാരമ്പര്യസ്തവം | 0 | 1 | 0 |
| ,, 4 | തിരുസ്സഭ | 0 | 1 | 0 |
| ,, 5 | ഫാദർ ഡേമിയൻ | 0 | 1 | 0 |
| ,, 6 | ആദിമാതാപിതാക്കന്മാർ | 0 | 2 | 0 |
| ,, 7 | ക്രിസ്തുവിൻെറപടയാളികൾ | 0 | 1 | 0 |
| ,, 8 | സത്യമായ മതം | 0 | 3 | 0 |
| ,, 9 | ക്രിസ്തു ഇന്നും | 0 | 3 | 0 |
| ,, 10 | യൗവനചൈതന്യം | 0 | 2 | 0 |
| ,, 11 | നമ്മുടെ കുടുംബം | 0 | 2 | 0 |
| ,, 12 | വ്യാവസായിക സൗഹാർദ്ദം | 0 | 2 | 0 |
| ,, 13 | ഇതാണോ കുർബാന? | 0 | 2 | 0 |
| ,, 14 | പ്രശ്നങ്ങൾ | 0 | 4 | 0 |
| ,, 15 | ഇതോ വായിക്കുന്നതു്? | 0 | 1 | 6 |
| ,, 16 | ഭാരതത്തിലെ കത്തോലിക്കാസഭ | 0 | 1 | 6 |
| ,, 17 | പ്രചോദനം | 0 | 2 | 0 |
| ,, 18 | പുരോഗമനം | 0 | 2 | 0 |
| ,, 19 | ഉഷ്ഷിച്ചകഥകൾ | 0 | 2 | 6 |
| ,, 20 | വൈദികൻെറ പണപ്പിരിവ് | 0 | 2 | 6 |

| No. | | | | |
|---|---|---|---|---|
| „ 21 | സഹനത്തിന്റെ മഹനീയ മാതൃക | 0 | 3 | 0 |
| „ 22 | ഫാററിമാ മാതാവ് | 0 | 4 | 0 |
| „ 23 | ചെസ്റ്റർട്ടന്റെമാനസാന്തരം | 0 | 4 | 0 |
| „ 24 | ഭാഗ്യപരീക്ഷ | 0 | 2 | 6 |
| „ 25 | സുവിശേഷത്തിലെ സ്ത്രീകൾ | 0 | 2 | 6 |
| „ 26 | അങ്ങനെ അവരുടെ കല്യാണവും കഴിഞ്ഞു | 0 | 2 | 0 |
| „ 27 | സാമുദായികപ്രബോധനം | 0 | 5 | 0 |
| „ 28 | പരിശുദ്ധരായ മൂന്നു സേവകന്മാർ | 0 | 3 | 0 |
| „ 29 | ആ പുരോഗമന സാഹിത്യകാരൻ | 0 | 3 | 0 |
| „ 30 | കാശിക്ക് | 0 | 2 | 6 |
| „ 31 | ക്രിസ്തുമസ് സന്ദേശം | 0 | 3 | 0 |
| „ 32 | പ്രജാധിപത്യവും സമാധാനവും | 0 | 2 | 0 |
| „ 33 | ബേത്‌ലഹം(കഥാപ്രസംഗം) | 0 | 3 | 0 |
| „ 34 | മിന്നാമിന്നുങ്ങ് | 0 | 2 | 6 |
| „ 35 | കണ്ണുനീർ (കഥാപ്രസംഗം) | 0 | 2 | 6 |
| „ 36 | മര്യാദ | 0 | 3 | 0 |
| „ 37 | നമ്മുടെ ഭാവി. | 0 | 2 | 6 |
| „ 38 | ഫ്രാൻസീസും, ക്ലാരയും | 0 | 2 | 6 |
| „ 39 | സഖാക്കൾ | 0 | 4 | 0 |

സൂപ്രണ്ട്,

സെൻറ് ജോസഫ്സ് പ്രസ്സ്,

മാന്നാനം.

H III
18.3

# സഖാക്കൾ

39



ജെറോം